# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ജനുവരി 21**

---

## സർവകലാശാലകൾ അന്താരാഷ്ട്ര തലത്തിൽ പ്രവർത്തനം വിപുലപ്പെടുത്തണം-ഫിലിപ്പ് ആൾട്ട്ബക്ക്

*ഇന്ത്യയിലെ മികച്ച സർവകലാശാലകൾ രാജ്യാന്തര തലത്തിലുള്ള പ്രവർത്തനം കൂടുതൽ വിപുലീകരിക്കാൻ ശ്രദ്ധ പുലർത്തണമെന്ന് പ്രമുഖ അമേരിക്കൻ വിദ്യാഭ്യാസ വിദ്ഗ്ധൻ ഫിലിപ്പ് ആൾട്ട്ബക്ക് നിർദേശിച്ചു. സർവകലാശാലകളുടെ അന്തർദേശീയവത്ക്കരണത്തെക്കുറിച്ച് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സഹകരണത്തോടെ എം.ജി. സർവകലാശാല സംഘടിപ്പിച്ച സെമിനാറിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.*

*അക്കാദമിക സ്വാതന്ത്ര്യം, ഗവേഷണ മികവ്, അന്താരാഷ്ട്ര ബന്ധങ്ങൾ എന്നിവയ്ക്ക് സർവകലാശാലകൾ ഊന്നൽ നൽകണം. അന്താരാഷ്ട്ര തലത്തിൽ പ്രവർത്തനം വിപുലീകരിക്കുന്നതിന് മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് ഏറെ സാധ്യതകളുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.*

*സർവകലാശാലയിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻറ് ഡവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടർ ഡോ. പി.പി. നൗഷാദ് എഴുതിയ ഔട്ട്കം ബേസ്ഡ് എജ്യുക്കേഷൻ; സിദ്ധാന്തവും പ്രയോഗവും എന്ന പുസ്തകം പ്രഫ. ആൾട്ട്ബക്ക് പ്രകാശനം ചെയ്തു. ഐ.ക്യു.എ.സി ഡയറക്ടർ ഡോ. റോബിനെറ്റ് ജേക്കബ് ആദ്യ കോപ്പി ഏറ്റുവാങ്ങി. പ്രഫ. എം. എച്ച്. ഇല്ല്യാസ് മോഡറേറ്ററായിരുന്നു.*

*(പി.ആർ.ഒ/39/1234/2025)*

## ഗ്രാജ്വേറ്റ് സ്കൂളിൽ അസിസ്റ്റന്റ് പ്രഫസർ; വാക്-ഇൻ-ഇന്റർവ്യൂ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഗ്രാജ്വേറ്റ് സ്കൂളിൽ മാത്തമാറ്റിക്സ് അസിസ്റ്റന്റ് പ്രഫസർ തസ്തികയിൽ ഓപ്പൺ വിഭാഗത്തിലെ ഒരു ഒഴിവിൽ കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനത്തിനുള്ള വാക്ക് ഇൻ ഇന്റർവ്യൂ*

*ഫെബ്രുവരി  ഏഴിന് രാവിലെ 11 ന് വൈസ് ചാൻസലറുടെ ചേംബറിൽ നടക്കും.*

*ഒരുവർഷത്തേക്കാണ് നിയമനം. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സേവന കാലാവധി ദീർഘിപ്പിക്കാൻ സാധ്യതയുണ്ട്. യുജിസി നിഷ്കർഷിക്കുന്ന യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത്. പ്രായപരിധി 2025 ജനുവരി ഒന്നിന് 70 വയസ് കവിയരുത്. പ്രതിമാസ വേതനം 40000 രൂപ. ഇന്റർവ്യൂവിൽ പങ്കെടുക്കുന്നവർ രാവിലെ പത്തിന് റിപ്പോർട്ട് ചെയ്യണം.*

*(പി.ആർ.ഒ/39/1235/2025)*

## പ്രാക്ടിക്കൽ

*മൂന്നാം  സെമസ്റ്റർ ബയോഇൻഫർമാറ്റിക്സ് (സിബിസിഎസ് 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് ഒക്ടോബർ 2024) പരീക്ഷ യുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 27 ന് എടത്തല എം.ഇ.എസ് കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

……………………

*രണ്ടാം വർഷ എംഎസ്സി മെഡിക്കൽ മൈക്രോബയോളജി (2022  അഡ്മിഷൻ റെഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ  ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് – ഡിസംബർ 2024)  പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 29 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1236/2025)*

## പരീക്ഷക്ക് അപേക്ഷിക്കാം

*ഒന്നാം സെമസ്റ്റർ എംഎസ്സി മെഡിക്കൽ ഡോക്യുമെന്റേഷൻ (2024  അഡ്മിഷൻ റെഗുലർ, 2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2018 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്)  പരീക്ഷകൾ ഫെബ്രുവരി  14 മുതൽ  നടക്കും. ജനുവരി 31 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഫെബ്രുവരി  ഒന്നു വരെയും സൂപ്പർ ഫൈനോടുകൂടി ഫെബ്രുവരി  മൂന്നു വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1237/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ